**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/7408/2021-TP5 തീയതി:24/09/2021

**<u>സർക്കുലർ</u>**

വിഷയം:- 15-ാം കേരള നിയമസഭ - 3-ാം സമ്മേളനം - നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി തയ്യാറാക്കൽ - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 15-ാം കേരള നിയമസഭയുടെ 3-ാം സമ്മേളന കലണ്ടർ

15-ാമത് കേരള നിയമസഭയുടെ 3-ാം സമ്മേളനം 04.10.2021 മുതൽ 12.11.2021 വരെ ചേരുന്നതാണെന്ന് 15-ാം കേരള നിയമസഭയുടെ 3-ാം സമ്മേളന കലണ്ടർ പ്രകാരം അറിയിപ്പ് ലഭിച്ചിരിക്കുന്നു. നിയമസഭയിൽ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ , ശ്രദ്ധക്ഷണിക്കൽ, അടിയന്തിര പ്രമേയങ്ങൾ, സബ്മിഷനുകൾ തുടങ്ങിയവയ്ക്ക് മറുപടി നൽകുന്നതിന് യഥാസമയം വിവരങ്ങൾ കൃഷി ഡയറക്ടർക്ക് നൽകേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയാണ്.

നിയമസഭാ സമ്മേളന കാലത്ത് ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ഓഫീസിൽ ഹാജരുണ്ടായിരിക്കാൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ/ഓഫീസ് തലവൻമാർ ചുമതലപ്പെടുത്തേണ്ടതാണ്. ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നിയമസഭാ ചോദ്യങ്ങൾ **<u>www.niyamasabha.org</u>** എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്ന മുറയ്ക്ക് യഥാസമയം ഡൌൺലോഡ് ചെയ്തെടുത്ത് മറുപടി തയ്യാറാക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർ/ഓഫീസ് തലവന്റെ അനുമതിയോടെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും ചട്ടം 47(1) അനുശാസിക്കുന്ന പ്രകാരം നിയമസഭയിൽ മറുപടി നൽകേണ്ട സമയപരിധിക്ക് നാല് ദിവസം മുൻപ് കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

കൃഷി ഡയറക്ടറേറ്റിൽ ബന്ധപ്പെട്ട എല്ലാ സെക്ഷനുകളിലും ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥനെങ്കിലും (സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് പദവിയിൽ കുറയാത്ത) നിയമസഭാ സമ്മേളന കാലത്ത് രാവിലെ 9 മുതൽ വൈകുന്നേരം 6 മണിവരെ ഉണ്ടായിരിക്കേണ്ടതാണ്. ആയത് അതാത് കൺട്രോളിംഗ് ഓഫീസർമാർ ഉറപ്പുവരുത്തുകയും വേണം. കൂടാതെ സമ്മേളനക്കാലയളവിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുതൽ മുകളിലോട്ട് എല്ലാ തലത്തിലുമുള്ള ഓഫീസർമാർ രാവിലെ 7.30 മുതൽ വൈകുന്നേരം 6 മണിവരെ ഓഫീസിൽ ഹാജരായിരിക്കേണ്ടതും കൃഷി ഡയറക്ടറുടെ മുൻകൂർ അനുമതി കൂടാതെ ഹെഡ് ക്വാർട്ടേഴ്സ് വിട്ടു പോകാൻ പാടില്ലാത്തതുമാണ്.

കൃഷി ഡയറക്ടറേറ്റിൽ നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കി നൽകാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ **<u>www.niyamasabha.org</u>** എന്ന വെബ്സൈറ്റിൽ നിയമസഭാ ചോദ്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഡൌൺലോഡ് ചെയ്തെടുത്ത് മറുപടി തയ്യാറാക്കി കൃഷി ഡയറക്ടർ / കൃഷി അഡീഷണൽ ഡയറക്ടറുടെ അനുമതിയോടെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും ചട്ടം 47(1) പ്രകാരം നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി സർക്കാരിന് ലഭ്യമാക്കുന്നതിനുള്ള അവസാന തിയ്യതിക്ക് മുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഈ നിയമസഭാ സമ്മേളനം മുതൽ നിയമസഭയുടെ വെബ്സൈറ്റിൽ ചോദ്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടികൾ തയ്യാറാക്കി കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 47(1) അനുശാസിക്കുന്ന പ്രകാരം നിയമസഭയിൽ മറുപടി നൽകേണ്ട സമയപരിധിക്ക് മൂന്ന് ദിവസം മുൻപ് നിർബന്ധമായും സർക്കാരിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. ഈ കാര്യത്തിൽ വീഴ്ചയുണ്ടാകുന്നില്ലയെന്ന് ബന്ധപ്പെട്ട കൃഷി അഡീഷണൽ ഡയറക്ടർമാർ / കൃഷി ജോയിന്റ് ഡയറക്ടർമാർ / കൃഷി ഡെപ്യൂട്ടി

ഡയറക്ടർമാർ പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി തയ്യാറാക്കുന്നതിനായി 03.02.2016 ൽ പുറപ്പെടുവിച്ച റ്റി.പി.(5)22738/14 നമ്പർ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സർക്കാരിന് സമർപ്പിക്കുന്നതിന് നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾ, സബ്മിഷനുകൾ, ശ്രദ്ധ ക്ഷണിക്കൽ, അടിയന്തിര പ്രമേയങ്ങൾ എന്നിവയുടെ മറുപടി/ഉത്തരങ്ങളുടെ 4 പകർപ്പുകൾ പ്ലാനിംഗ് വിഭാഗത്തിൽ ഏൽപ്പിക്കേണ്ടതാണ്. എന്നാൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്കുള്ള മറുപടികളുടെ മൂന്ന് പർപ്പുകളാണ് സമർപ്പിക്കേണ്ടത്. കൂടാതെ സർക്കാർ നിയമസഭയിൽ നൽകുന്ന മറുപടിയുടെ പകർപ്പ് നിയമസഭാ വെബ്സൈറ്റിൽ നിന്നും യഥാസമയം ഡൌൺലോഡ് ചെയ്തെടുത്ത് ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ എല്ലാവരും പാലിക്കേണ്ടതും ആയതിൽ വീഴ്ച വരുത്തുന്നതുമൂലം യഥാസമയം സർക്കാരിന് മറുപടി നൽകുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികൾ ആയിരിക്കുന്നതുമാണ്.

ഈ നിയമസഭാ സമ്മേളന കാലത്ത് ബഹു. കൃഷി വകുപ്പ് മന്ത്രി നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസം, നിയമസഭാ ചോദ്യങ്ങൾ വെബ്സൈറ്റിൽ വരുന്ന ദിവസം, ചട്ടം 47(1) പ്രകാരം നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി സർക്കാരിന് ലഭ്യമാക്കുന്നതിനുള്ള അവസാന തിയ്യതി എന്നിവ ചുവടെ ചേർക്കുന്നു.

| കൃഷി വകുപ്പ് മന്ത്രി ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള തിയ്യതി | നിയമസഭാ ചോദ്യങ്ങൾ www.niyamasabha.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തിയ്യതി | ചട്ടം 47(1) പ്രകാരം നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി സർക്കാരിന് ലഭ്യമാക്കുന്നതിനുള്ള അവസാന തിയ്യതി |
|---|---|---|
| 08.10.2021 | 30/09/2021 | 04/10/2021 – 5 PM |
| 21.10.2021 | 13/10/2021 | 17/10/2021 – 5 PM |
| 28.10.2021 | 20/10/2021 | 24/10/2021 – 5 PM |
| 08.11.2021 | 31/10/2021 | 04/11/2021 – 5 PM |

വിശ്വസ്തതയോടെ

Sd/-

**SUBHASH T.V. IAS**
**DIRECTOR**
കൃഷി ഡയറക്ടർക്കു വേണ്ടി

പകർപ്പ്: എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും/ആത്മ പ്രോജക്ട് ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, FIB, പ്രോജക്ട് ഡയറക്ടർ, KCPM മങ്കൊമ്പ്,
കൃഷി ഡെപ്യൂട്ടി ഡയറക്ടർ, SBCL മണ്ണുത്തി, കൃഷി ഡെപ്യൂട്ടി ഡയറക്ടർ, FQCL,
പാറോട്ടുകോണം & പട്ടാമ്പി, കൃഷി ഡെപ്യൂട്ടി ഡയറക്ടർ, PTL, പാറോട്ടുകോണം,
ചീഫ് സോയിൽ കെമിസ്റ്റ്, പാറോട്ടുകോണം, കൃഷി അസിസ്റ്റന്റ് ഡയറക്ടർ B&MFC
ടെക്നിക്കൽ അസിസ്റ്റന്റ്, ആർ.റ്റി.റ്റി. സെന്റർ, വെള്ളായണി.
കൃഷി ഡയറക്ടറേറ്റിലെ കൃഷി അഡീഷണൽ ഡയറക്ടർമാർ
സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ
കൃഷി അഡീഷണൽ ഡയറക്ടർ (സീഡ് അതോറിറ്റി)

**SURAJ JOHN M.Sc. (Ag.)**
Assistant Director of Agriculture
Directorate of Agriculture Development
& Farmers Welfare Department
Vikas Bhavan, Thiruvananthapuram

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ /
വിജിലൻസ് ഓഫീസർ
കൃഷി ജോയിന്റ് ഡയറക്ടർമാർ / കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ
കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ / സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർമാർ /
ടെക്നിക്കൽ അസിസ്റ്റന്റ്മാർ
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്മാർ / അക്കൌണ്ട്സ് ഓഫീസർമാർ /
സീനിയർ സൂപ്രണ്ടുമാർ
കൃഷി ഡയറക്ടറുടെ റ്റി.എയ്ക്ക് /സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്